**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4286** **18-07-2022 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിൽ ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനുള്ള ചാർജിംഗ് സ്റ്റേഷനുകൾ ഏതെല്ലാം സ്ഥലങ്ങളിലാണ് സ്ഥാപിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ചുവടെ ചേർത്തിരിക്കുന്ന 6 സ്ഥലങ്ങളിൽ പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും 2022 ജൂലൈ 2 ന് പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുകയും ചെയ്തു.<br>പൂഞ്ഞാർ ബസ് സ്റ്റാന്റ്<br>കോസ്പേ<br>ഗാലക്സി ജംഗ്ഷൻ<br>എരുമേലി ചാരല റോഡ്<br>കടുവാമൂഴി<br>പാറത്തോട് |
| (ബി) | പ്രസ്തുത പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (ബി) | പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ചുവടെ ചേർത്തിരിക്കുന്ന 6 സ്ഥലങ്ങളിൽ പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും 2022 ജൂലൈ 2 ന് പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുകയും ചെയ്തു.<br>പൂഞ്ഞാർ ബസ് സ്റ്റാന്റ്<br>കോസ്പേ<br>ഗാലക്സി ജംഗ്ഷൻ<br>എരുമേലി ചാരല റോഡ്<br>കടുവാമൂഴി<br>പാറത്തോട് |
| (സി) | പ്രസ്തുത ചാർജിംഗ് സ്റ്റേഷനുകൾ എന്ന് പ്രവർത്തനക്ഷമമാക്കാനാകുമെന്ന് വ്യക്തമാക്കാമോ; | (സി) | പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ചുവടെ ചേർത്തിരിക്കുന്ന 6 സ്ഥലങ്ങളിൽ പോൾ മൗണ്ടഡ് |

| | | | |
|---|---|---|---|
| | | | ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും 2022 ജൂലൈ 2 ന് പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുകയും ചെയ്തു.<br><br>പൂഞ്ഞാർ ബസ് സ്റ്റാന്റ്<br><br>കോസ്പേ<br><br>ഗാലക്സി ജംഗ്ഷൻ<br><br>എരുമേലി ചാരല റോഡ്<br><br>കടുവാമൂഴി<br><br>പാറത്തോട് |
| (ഡി) | ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി മണ്ഡലത്തിലെ പ്രധാനപ്പെട്ട സർക്കാർ/ സ്വകാര്യ സ്ഥാപനങ്ങളിലും വ്യാപാര വാണിജ്യ കേന്ദ്രങ്ങളിലും ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | കുറഞ്ഞത് 1500 ചതുരശ്ര അടി സ്ഥലം ലഭ്യമാക്കുന്ന സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, KTDC ഹോട്ടലുകൾ, DTPC സെന്ററുകൾ, ടേക്ക് എ ബ്രേക്ക് സെന്ററുകൾ എന്നിവിടങ്ങളിൽ അനെർട്ട് മുഖേന ഇലക്ട്രിക് കാറുകൾ ചാർജ് ചെയ്യുന്നതിനുള്ള ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതാണ്. സ്ഥലം ലഭ്യമാക്കുന്ന സർക്കാർ സ്ഥാപനങ്ങൾ / വകുപ്പുകൾക്ക് ഒരു യൂണിറ്റ് വൈദ്യുതിക്ക് ഒരു രൂപ നിരക്കിൽ തറവാടക നൽകുന്നതാണ്. ഇതിനായി 10 വർഷത്തേയ്ക്ക് അനെർട്ടുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. ആദ്യ ഘട്ടത്തിൽ ദേശീയ പാത, എം.സി റോഡ്, സ്റ്റേറ്റ് ഹൈവേ എന്നീ പ്രധാന റോഡുകൾക്ക് സമീപം റിഫ്രഷ്മെന്റ് ഫെസിലിറ്റി / കഫെറ്റീരിയ, ശുചിമുറി എന്നീ സൗകര്യങ്ങൾ ഉള്ള സ്ഥലങ്ങൾക്കാണ് മുൻഗണന നൽകുന്നത്.<br><br>സംസ്ഥാനത്തുടനീളം സർക്കാർ അധീനതയിലുള്ള 2500 ഓളം സ്ഥലങ്ങൾ ചാർജ്ജിംഗ് സ്റ്റേഷനുകൾക്കായി കെ.എസ്.ഇ. ബി.എൽ കണ്ടെത്തിയിട്ടുണ്ട്. നിക്ഷേപകരുടെ മുതൽമുടക്കോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതി സർക്കാർ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ